കേരള കൗമുദി SINCE 1911
Trivandrum 08 Feb 2026



വഴുതക്കാട് ട്രിവാൻഡ്രം ക്ലബിൽ സംഘടിപ്പിച്ച നെറ്റ്‌വർക്ക് ഒഫ് വിമെൻ ഇൻ മീഡിയയുടെ അനുവൽ മീറ്റിംഗിൽ കേരള മീഡിയ അക്കാഡമി തയ്യാറാക്കിയ 'മീഡിയ വിമെൻ: അമ്മു ജോസഫ്‌സ് പാഷനേറ്റ് ജേർണി എന്ന ഡോക്യുമെന്ററിയുടെ പ്രകാശനം ഫിലിം എഡിറ്റർ ബീന പോൾ, എഴുത്തുകാരി കെ.ആർ. മീര, നടി റിമ കല്ലിങ്കൽ എന്നിവർ ചേർന്ന് നിർവഹിച്ചപ്പോൾ. നിർമ്മാതാവ് മിറിയം ജോസഫ്, മുതിർന്ന മാദ്ധ്യമപ്രവർത്തക അമ്മു ജോസഫ്, കേരള മീഡിയ അക്കാഡമി ചെയർമാൻ ആർ.എസ്. ബാബു എന്നിവർ സമീപം

# നീതിക്കായുള്ള പോരാട്ടത്തിൽ ചേർത്തുപിടിച്ചത് വനിതാ മാദ്ധ്യമപ്രവർത്തകർ: റിമ കല്ലിങ്കൽ

തിരുവനന്തപുരം: നടി ആക്രമിക്കപ്പെട്ട കേസിനെ തുടർന്നുള്ള പോരാട്ടത്തിൽ തങ്ങളെ തളരാതെ പിടിച്ചുനിറുത്തിയത് വനിതാ മാദ്ധ്യമപ്രവർത്തകരുടെ കൂട്ടായ്മയാണെന്ന് നടി റിമ കല്ലിങ്കൽ പറഞ്ഞു.

തിരുവനന്തപുരത്ത് നടക്കുന്ന നെറ്റ്‌വർക്ക് ഒഫ് വിമൻ ഇൻ മീഡിയ, ഇന്ത്യയുടെ 20-ാമത് ദേശീയ സമ്മേളനത്തിന്റെ ഭാഗമായി 'തുറന്ന പറച്ചിലുകൾക്ക് അപ്പുറം: സിനിമാരംഗത്തെ സ്ത്രീകൾക്ക് നീതി എങ്ങനെ ലഭ്യമാകും?' എന്ന വിഷയത്തിൽ നടന്ന സംവാദത്തിൽ സംസാരിക്കുകയായിരുന്നു അവർ. വർഷങ്ങൾ കടന്നുപോകുമ്പോൾ തങ്ങളുടെ ആവേശം കുറഞ്ഞുവരുന്നത് സ്വാഭാവികമാണെന്നും വ്യവസ്ഥിതിയിൽ മാറ്റമുണ്ടാക്കാൻ ഒരുമിച്ച് വന്നാൽ സാധിക്കുമെന്ന് കരുതിയിരുന്നതായും റീമ പറഞ്ഞു. സിനിമയിലെ അധികാര ഘടനയെക്കുറിച്ച് എഡിറ്റർ ബീന പോൾ ചർച്ചയിൽ സംസാരിച്ചു. എൻ.ഡബ്ല്യു.എം.ഐ സ്ഥാപക അംഗം അമ്മു ജോസഫിനെക്കുറിച്ചുള്ള ഡോക്യുമെന്ററി ബീന പോൾ, റീമ കല്ലിങ്കൽ, മിറിയം ജോസഫ് എന്നിവർ ചേർന്ന് പ്രകാശനം ചെയ്തു. പ്രമുഖ എഴുത്തുകാരി കെ.ആർ.മീര മുഖ്യപ്രഭാഷണം നടത്തി. കേരള മീഡിയ അക്കാഡമി ചെയർമാൻ ആർ.എസ്.ബാബു അദ്ധ്യക്ഷത വഹിച്ചു. സുവനീറിന്റെ പ്രകാശനം കെ.ആർ.മീര നിർവഹിച്ചു. കേരള മീഡിയ അക്കാഡമി നിർമ്മിച്ച ഡോക്യുമെന്ററി സംവിധാനം ചെയ്തിരിക്കുന്നത് ഷൈനി ജേക്കബ് ബെഞ്ചമിനാണ്. സമ്മേളനം ഇന്ന് സമാപിക്കും.

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Trivandrum